# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി4/1033/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി4/1033/2021 തീയ്യതി: 10/09/2021

## കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 14-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വാസുദേവൻ എം | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഹരി കെ പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ ഗിരീശൻ പാറപ്പൊയിൽ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ സതീഷ് കുമാർ സി പി അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജയകുമാർ പാലോളി അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത് കെ വി ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2020 | 29-12-2020 |

| | | | |
|---|---|---|---|
| അശോകൻ കോട്ട് | പ്രസിഡന്റ് | | |
| സതി കിഴക്കയിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ജയരാജൻ പി | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ജയരാജൻ പി | സെക്രട്ടറി | 04-02-2021 | 11-02-2021 |
| റഫീഖ് സി കെ | സെക്രട്ടറി | 12-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗിരീഷ് എം | അസി.സെക്രട്ടറി | 01-04-2020 | 04-04-2020 |
| മിനി എ പി | അസി.സെക്രട്ടറി | 05-04-2020 | 31-03-2021 |
| ഫാസിൽ കെ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| വരുൺകുമാർ എ വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| നീതു ദിവാകർ | വെറ്റിനററി സർജൻ | 01-04-2020 | 30-09-2021 |
| സുനിൽ കുമാർ | വെറ്റിനററി സർജൻ | 01-10-2020 | 31-03-2021 |
| അനി സി ടി | മെഡിക്കൽ ഓഫീസർ സി എച്ച്സി | 01-04-2020 | 31-03-2021 |
| ബാബു കെ ടി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| വിജില കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ജിഷ ഒ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശാന്തകുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 30-11-2020 |
| ബാബു എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 20-12-2020 | 31-03-2021 |
| അവിനാഷ് ഐ | വി ഇ ഒ | 01-04-2020 | 31-03-2021 |
| രാകേഷ് | വി ഇ ഒ | 01-04-2020 | 30-10-2020 |
| കപിൽ ദേവ് | വി ഇ ഒ | 02-11-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-1 |
| 2 | റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-1-1 |
| 3 | വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിലും വീഴ്ച വന്നു<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-1-2 |
| 4 | ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Gireeshan Parappoyil (Audit Officer (HG), On 31-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-2. |
| 6 | പദ്ധതി അവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 05-08-2021) | 1-3 |
| 7 | ക്യാഷ് പരിശോധന<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-4 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കണം<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-5 |
| 9 | വാർഷിക കണക്കുകളുടെ അപാകതകൾ<br>Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-6 |
| 10 | CRZ ലംഘനം-ഹോംസ്റ്റേ കെട്ടിടങ്ങൾക്ക് പൂർണ്ണമായും U/A നമ്പർ നൽകിയില്ല<br>Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-7 |
| 11 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി ഈടാക്കിയില്ല.<br>Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-8 |
| 12 | വസ്തുനികുതി, നോട്ടീസ് ചാർജ്ജ് പിരിവിലെ അപാകതകൾ<br>Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-9 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല-ഡിമാന്റ് അപൂർണ്ണം<br>Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-10 |
| 14 | കോവിഡ് 19-പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-11 |
| 15 | കുഞ്ഞായൻ കണ്ടി റോഡ് നിർമ്മാണം ഒരോ ഇനത്തിന് രണ്ട് പ്രാവശ്യം തുക നൽകി.. | 1-12 |

| | | |
|---|---|---|
| | Written By: Jayakumar Paloli (Asst. Audit Officer, On 02-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | |
| 16 | കീരിയാടത്ത് താഴെ റോഡ് പ്രവൃത്തി- അശാസ്ത്രീയമായ നിർമ്മാണം കാരണം പഞ്ചായത്തിന് അധിക ചെലവ് വരുത്തുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-13 |
| 17 | എ).കെ.ജി കോർണർ വെട്ടുകാട്ടുകുനി റോഡ്-നിർമ്മാണം അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-14 |
| 18 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-15 |
| 19 | മല്ലിശ്ശേരി റോഡ് നിർമ്മാണം അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-16 |
| 20 | അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-17 |
| 21 | ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-18 |
| 22 | വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-19 |
| 23 | രേഖകൾ ഹാജരാക്കാതെ സഹായം<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-20 |
| 24 | പെൻഷൻ പരാതിയിൽ തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തില്ല<br>Written By: Hari. K.P (Audit Officer (HG), On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-21 |
| 25 | മരാമത്ത് പ്രവൃത്തികൾ-കൺവീനർ മുൻകൂർ നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയില്ല/ ആരംഭിച്ചില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കുഞ്ഞായൻ കണ്ടി റോഡ് നിർമ്മാണം ഒരോ ഇനത്തിന് രണ്ട് പ്രാവശ്യം തുക നൽകി.<br>Written By: Jayakumar Paloli (Asst. Audit Officer, On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: Gireeshan Parappoyil (Audit Officer (HG), On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 09-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല

ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിലും വരവ് ചെലവ് എന്നിവയിലുണ്ടാകുന്ന മാറ്റത്തിന് അനുസരിച്ച് ബജറ്റ് പുതുക്കുന്നതിലും 2019-20 വർഷത്തിൽ സംഭവിച്ച അപാകതകൾ ഓഡിറ്റ് വർഷത്തിലും ആവർത്തി ച്ചിട്ടുണ്ട്. 13.3.20 തീയതിയിലെ തീരുമാനം 2 പ്രകാരം ഭരണസമിതി അംഗീകരിച്ച ബജറ്റ് പ്രകാരം 15001603/-രൂപ മുൻബാക്കിയുൾപ്പടെ 209031211/-രൂപ ആകെ വരവും 191862985/-രൂപ ആകെ ചെലവും 17168226/-രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചത്. സമയക്രമം പാലിച്ചുവെങ്കിലും താഴെ പറയുന്ന പോരായ്മകൾ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ട്.

### 1-1-1 റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016 ലെ ജി.ഒ.ആർ.ടി 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുക ൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെ യാണ് ഓഡിറ്റ് വർഷത്തിലും സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസ ലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാര ത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, തനത് വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല.

### 1-1-2 വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിലും വീഴ്ച വന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175 പ്രകാരം തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങുന്ന വാർഷിക പദ്ധതി നിർദ്ദേശങ്ങൾ (പ്ലാൻ പ്രൊപ്പോസൽ) കൂടി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റിൽ പരിഗണിക്കണം . ബജറ്റ് തയ്യാറാക്കുന്നിതിന് മുമ്പ് ഈ നടപടിക്രമം പൂർത്തിയാകാത്ത സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി, പ്ലാൻ വിഭവസ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കേഷൻ ഒരു പ്രമേയത്തിലൂടെ തീരുമാനിച്ച് അത് ബജറ്റിൽ ഉൾപ്പെടുത്തണം (മാന്വൽ,ഖണ്ഡിക 2.2) സ്ഥാപനത്തിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിക്ക്, ബജറ്റ് അംഗീകരിച്ചതിന് ശേഷമാണ് ഡി.പി.സി അംഗീകാരം ലഭിച്ചത് (ഡി.പി.സി അംഗീകാരം 31.3.20120നാണ് ലഭിച്ചത്) ഇതുകണ്ട് തന്നെ ബജറ്റ് വാർഷിക പദ്ധതിയെ ഉൾക്കൊണ്ടിട്ടില്ല .എന്നാൽ മേൽ നിർദ്ദേശിച്ചപോലെ പ്ലാൻ വിഭവസ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കേഷൻ ഒരു പ്രമേയത്തിലൂടെ തീരുമാനിക്കാതെയാണ് ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിരിക്കുന്നത്.

### 1-1-3 ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 214(5)പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ

ലക്ഷ്യങ്ങൾ നിശ്ചയി ക്കാതെ വകയിരുത്തിയ 2.94 കോടി രൂപ, തുടർന്ന് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി ഡി.പി.സി അംഗീകാരം വാങ്ങിയപ്പോഴും ക്രമപ്പെടുത്തി ബജറ്റ് പുതുക്കിയില്ല. വാർഷിക പദ്ധതിക്ക് പുറമേ മറ്റ് വരവ് ചെലവ് വകയിരുത്തലുകളുടെ കാര്യത്തിലും വൻ ബജറ്റ് വ്യതിയാനം വന്നത് , വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ പോലും ക്രമീകരിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 130 | 85000 | 33350 | 39270 |
| 2 | 150 | 77000 | 109658 | 195668 |
| 3 | 151 | 1000 | 0 | 1500 |
| 4 | 170 | 610000 | 532748 | 586195 |
| 5 | 180 | 195000 | 0 | 12887 |
| 5 | 230 | 1107000 | 2122586 | 4698830 |
| 6 | 253 | 1130000 | 0 | 5981452 |
| 7 | 254 | 70000000 | 31459410 | 71944738 |
| 8 | 265 | 0 | 0 | 1002848 |

ബജറ്റ് പ്രൊവിഷനേക്കാൾ അധികരിച്ച് ചെലവ് ചെയ്തതു പോലെ ബജറ്റ് പ്രൊവിഷനെ അപേക്ഷിച്ച് വളരെ കുറഞ്ഞ വരവ് ചെലവുകളും വന്നിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 210 | 15585000 | 13382521 | 12200907 |
| 2 | 251 | 68482029 | 61446200 | 50360556 |
| 3 | 252 | 500000 | 30179406 | 956079 |
| 4 | 255 | 0 | 14080422 | 3264527 |
| 5 | 410 | 26239870 | 19353282 | 9931144 |

മേല്പറഞ്ഞതിൽ 255ഹെഡ്ഡ് പ്രകാരമുള്ളത് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തലാണ്. ബജറ്റിൽ യാതൊരു തുകയും ഈ ഹെഡ്ഡിൽ വകയിരുത്താതെ 3264527/-രൂപ തൻവർഷം വിനിയോഗിച്ചത് പരിഗണിക്കുമ്പോൾ ബജറ്റ് പുതുക്കും വരെ ബജറ്റ് പ്രൊവിഷനില്ലാതെ തുക വിനിയോഗിച്ചതായി കാണാം.

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയതിനും ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ ഇവ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-2. ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് (ക്യൂബിൽ തുക) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17059938 | 17059938 | 17059938 | 0 | |
| വികസനഫണ്ട് (SCP) | 0 | 4615235 | 4615235 | 4615235 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC UNTIED) | 0 | 11743895 | 11743895 | 10870670 | 873225 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (TIED) | | 4342999 | 4342999 | 4342999 | 0 | |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 8038000 | 8038000 | 8038000 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 4913000 | 4913000 | 4863307 | 49693 | 0 |
| പ്രത്യേക ഗ്രാന്റ്(ഇനം തിരിച്ച്) | | | | | | |
| ശുചിത്വമിഷൻ | 51519 | 3274193 | 332572 | 238329 | 3087383 | |
| അനുപൂരക പോഷകാഹാരം | 1156404 | 1278314 | 2434718 | 998906 | 1435812 | |
| MGNREGS | 2646 | 33742593 | 33745239 | 33703656 | 41583 | |

സുലേഖ സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്ത് ഓഡിറ്റിന് ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഫണ്ട് വിനിയോഗം സംബന്ധിച്ച പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് അലോട്ട്മെന്റായി രേഖപ്പെടുത്തിയിട്ടുള്ളത് 14930537 രൂപയും വരവ് 0 രൂപയുംചെലവ് 17059938 രൂപയുമാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിലെ വരവ് ചെലവ് 17059938 രൂപയാണ്. മറ്റ് ഗ്രാന്റുകളുടെ വരവ് 0 രൂപയായാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമായിട്ടുള്ളത്.

2. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ സംക്ഷിപ്തമായി മാത്രമാണ് അനുബന്ധ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളുടെ പേര് വിവരങ്ങൾ , അടങ്കൽ, ചെലവ് സംബന്ധിച്ച വിവരങ്ങൾ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 98677894 | 124 | 68934785 | 36 | 47 | 59.9 |

207പ്രൊജക്ടുകൾക്ക് വിവിധ ധനസ്രോതസ്സുകളിൽ നിന്നായി 9.87കോടി രൂപ വകയിരുത്തിയതിൽ 6.89 കോടി രൂപ 160പ്രൊജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 36 പ്രൊജക്ടുകൾക്ക് ഭാഗിക ചെലവാണ് വന്നത്.മുൻ വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നിട്ടില്ലെന്ന് കാണാം.ആകെ വകയിരുത്തിയ തുകയുടേയും അലോട്ട് മെന്റിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ബജറ്റ് അലോട്ട് മെന്റ് | അവസാന അലോട്ട് മെന്റ് | 2-3 | 4-3 |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| പ്ലാൻ ഫണ്ട്(ജനറൽ) | 18283464 | 16553000 | 17059938 | 1730464 | 506938 |
| വികസനഫണ്ട്(SCP) | 5969077 | 4363000 | 4615235 | 1606077 | 252235 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC UNTIED) | 17840097 | 11741000 | 15213669 | 6099097 | 3472669 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 10064822 | 8038000 | 8038000 | 2026822 | 0 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 6467086 | 4913000 | 4913000 | 1554086 | 0 |
| ആകെ | 58624546 | 45608000 | 49839842 | 13016546 | 4231842 |

വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി മേൽ ഗ്രാന്റുകളിൽ നിന്നും 13016546/-രൂപ ബജറ്റ് വിഹിതത്തിന് ഉപരിയായി വകയിരുത്തിയിട്ടുണ്ട്.2019-20 വർഷത്തെ ബജറ്റ് വിഹിതത്തിന്റെ 25% വരെ ഇത്തരത്തിൽ

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് വകയിരുത്താമെന്ന 31.3.2020ലെ സാധാ.724/2020/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്.എന്നാൽ ഉത്തരവിൽനിന്നും വ്യത്യസ്തമായി 29.69ശതമാനത്തിന്റെ(13016546/43835000x100%) വകയിരുത്തലാണ് സ്ഥാപനം നടത്തിയിരിക്കുന്നത്.ഇത് എപ്രകാരമെന്ന് വിശദമാക്കേണ്ടതാണ്.

മേല്പറഞ്ഞ പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി(ക്യൂബിൽ തുക ഉൾപ്പടെ) തൻവർഷത്തെ അലോട്ട്മെന്റിനേക്കാൾ 13016546/-രൂപ അധികരിച്ച് വകയിരുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് അലോട്ട്മെന്റിനേക്കാൾ 4231842/-രൂപയുടെ അധിക വിനിയോഗം മാത്രമാണ് തൻവ്ർഷം വന്നത്(മേൽ പട്ടിക കാണുക)സ്പിൽ ഓവർ പ്രൊജക്ടുകൾക്കു കൂടി അനുവദിക്കുന്ന തുക പരിഗണിക്കുമ്പോള്(മുൻ വർഷത്തെ അലോട്ട്മെന്റിന്റെ 25%) ആകെ 56566750/-രൂപ (10958750+45608000) തൻവർഷം ലഭിക്കേണ്ടതായിരുന്നു.എന്നാൽ 49839842/-രൂപയുടെ ചെലവ് മാത്രം വന്നത് പരിഗണിക്കുമ്പോൾ 6726908/-രൂപ മേൽ ഗ്രാന്റിനങ്ങളിൽ സ്ഥാപനത്തിന് നഷ്ടമായിട്ടുണ്ടെന്ന് കാണാം.എങ്കിലും കോവിഡ് പ്രതിസന്ധിക്കിടയിലും പരമാവധി ധനവിനിയോഗം ഉറപ്പുവരുത്താനായത് പ്രശംസനീയമാണ്.

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5740 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തയതിൽ നിന്നും ബോധ്യപ്പടുന്നു. കണക്കുസൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ ത്തിന്റെ കാര്യത്തിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോഅല്ലാത്തപക്ഷം പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. കെട്ടിട ങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്നതിൽ നിന്നും ഇത് വ്യക്തമാകുന്നു.

D&O ലൈസൻസിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ ഫീസിനത്തിൽ 94550/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 181800/- രൂപയുമാണ് വന്നിരിക്കുന്നത്. 2019-20 വർഷത്തിൽ മുൻകൂർ 197195/- രൂപ വരവുണ്ട് . നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ( മേൽ ലൈസൻസിന്റെ കാര്യത്തിൽ പുതുതായി എടുക്കുന്നതും പുതുക്കുന്നതും ഒരു മാസം മുമ്പേയാ യിരിക്കണം. അതായത് പുതുക്കുന്നവയുടെ കാര്യത്തിൽ ഫെബ്രുവരി മാസത്തിനുള്ളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം) ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തി ക്കാനുള്ള സാധ്യത ഇത് വെളിവാക്കുന്നു.

ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന തിനുള്ള ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് പ്രകാരം നിർണ്ണയിച്ച് കൊടുത്തിട്ടുണ്ടെങ്കിലും ഇത് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നോയെന്ന് മേൽനോട്ട സംവിധാനങ്ങൾ പരിശോധിക്കാ ത്തതാണ് മേൽ അപാകതയ്ക്കുള്ള ഒരു

പ്രധാന കാരണം. CRZ ൽ ഉൾപ്പെടുന്ന അനധികൃത കെട്ടിടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു എന്നതു മാത്രമാണ് ഇതിന് അപവാദം.

2) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. ഭാഗം 2 ലെ വിവിധ ഖണ്ഡികകൾ ഇത് വിശദമാക്കുന്നു.

3) വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

4) യാത്രാബത്തയുടെ കാര്യത്തിൽ ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നത് അവരിൽ നിന്നും ക്ലെയിം (യാത്രാ ഡയറി) വാങ്ങാതെയാണ്. മൂവ്മെന്റ് രജിസ്റ്റർ അടിസ്ഥാനപ്പെടു ത്തിയാണ് തുക നിശ്ചയിക്കുന്നതെന്നാണ് സ്ഥാപനം ഇക്കാര്യത്തിൽ നല്കിയ വിശദീകരണം. ഒരു ക്ലെയിം ഇല്ലാതെ തുക ചെലവഴിക്കുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടായി.

5) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കിയിട്ടുണ്ടെങ്കിലും ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിക്കാണുന്നില്ല കൂടാതെ .വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം.

6) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. D&Oലൈസൻസിന്റെ കാര്യത്തിലും ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. വസ്തുനികുതി ഉൾപ്പടെയുള്ള വരവിനങ്ങളിൽ ഡിമാന്റിൽ പൂർണ്ണത കൈവരിക്കാത്ത കാര്യം ഭാഗം 2 ലെ മറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

മേൽ പോരായ്മകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയതിൽ പരിഹാര നടപടികൾ ആരംഭിച്ചെന്ന് വിശദമാക്കിയിട്ടുണ്ട്. അപാകതകൾ പരഹരിക്കുന്നതിനായി മേൽ നടപടികൾക്കൊപ്പം താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്താവുന്നതാണ്.

എ) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്ററാഫിനെ ഏല്പിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവ് കൃത്യമായി പാലിക്കപ്പെ ടുന്നുണ്ടെന്നും ഇപ്രകാരമുള്ള റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി തുടർനടപടികൾ സ്വീകരി ക്കുന്നുണ്ടെന്നും സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പടെയുള്ള മേൽനോട്ട സംവിധാനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ റിപ്പോർട്ടും, ഇതുമൂലമുണ്ടായ ഗുണഫലങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-6 വാർഷിക കണക്കുകളുടെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷ ങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. 3 മാസ സമയ പരിധി പിന്നിട്ടിട്ടും പണമാക്കാതെ കാലഹരണപ്പെട്ട ചെക്കുകൾ പൂർണ്ണമായും Stale Cheque ബാധ്യതാശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വർഷങ്ങളായി Stale Cheque ബാധ്യതാ ശീർഷകത്തിലേക്ക് മാറ്റിയതും ക്ലെയിം അവകാശപ്പെടാ ത്തതുമായ ചെക്കുകൾ വരുമാനമായി മുതൽ കൂട്ടിയിട്ടില്ല. B9 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ 111777 രൂപ അവശേഷിക്കുന്നുണ്ട്.
3. ലോൺ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി കാലികമാക്കിയിട്ടില്ല.
4. 3 വർഷ കാലപരിധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഉദാ- Suppliers EMD, Other Deposits മുതലായവ.
5. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വാറ്റ് ഉൾപ്പെടെയുള്ള ബാധ്യതകൾ തിരിച്ചടക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
6. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി മുൻകൂർ ഇനത്തിൽ 17507 ബാധ്യതാ ഇനത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ എത്ര രൂപ വരും വർഷങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണെന്നോ, എതെല്ലാം അക്കൗണ്ടുക ളിലേക്ക് ക്രമീകരിക്കേണ്ടതാണെന്നുമുള്ള വിശദാംശങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല.
7. സാമൂഹ്യസുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്ഥാപനം ചെലവഴിച്ച തുക പൂർണ്ണമായും വരവ് ചെലവ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തി യിട്ടില്ല. വിശദാംശങ്ങൾ പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

| ക്രമ നം | പെൻഷൻ/ പദ്ധതിയുടെ പേര് | വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ ചെലവ് | യഥാർത്ഥ വരവ്/ ചെലവ് |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 6968200 | 8879100 |
| 2 | വാർദ്ധക്യ കാല പെൻഷൻ | 34756600 | 44749000 |
| 3 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 5823500 | 7452300 |
| 4 | 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2267900 | 2901500 |
| 5 | വിധവാ പെൻഷൻ | 21481400 | 27530500 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 390000 |

8. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- വാഹനം, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ.

9. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

10. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .

11. തനത്ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. (ഉദാ- ശുചിത്വമിഷൻ ഗ്രാന്റ്, സമഗ്ര ശിശുവികസന പദ്ധതി വിഹിതം എന്നിവ). എന്നാൽ മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-7 CRZ ലംഘനം-ഹോംസ്റ്റേ കെട്ടിടങ്ങൾക്ക് പൂർണ്ണമായും U/A നമ്പർ നൽകിയില്ല

കെ.ഉമാദേവി, ഉവ്വക്കാട് പറമ്പ്, ചേമഞ്ചേരി.പി.ഒ, എന്നവരുടെ ഉടമസ്ഥതയിലുള്ള ലിബർട്ടി ഹോംസ്റ്റേ കെട്ടിടങ്ങളിൽ 203.26 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് തീരദേശപരിപാലന നിയമം പാലിക്കാത്ത കാരണത്താൽ 1/7 U.A നമ്പർ നൽകി പിഴനിരക്കിൽ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ലിബർട്ടി ഹോംസ്റ്റേയുടെ ഔദ്യോഗിക വെബ്സൈറ്റിലെ ചിത്രങ്ങളിൽ നിന്നും പ്രസ്തുത കെട്ടിടങ്ങളോട് അനുബന്ധിച്ച് കെട്ടിടങ്ങളുണ്ടെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ കെട്ടിടങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും നിശ്ചിത അകലം പാലിക്കുന്നവയല്ലെന്നതും വ്യക്തമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച ഹോംസ്റ്റേ കെട്ടിടം നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്നത് ലിബർട്ടി ഹോംസ്റ്റേയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും വ്യക്തമാണ്. സെക്ഷൻ 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങൾ യാതൊരുവിധ ആവശ്യങ്ങൾക്കും ഉപയോ ഗിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ല. കെട്ടിട ഉടമകൾക്കെതിരെ സെക്ഷൻ 235 ഡബ്ള്യൂ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഹോംസ്റ്റേയുടെ അനുബന്ധ കെട്ടിടങ്ങൾ തീരദേശ പരിപാലന നിയമത്തിന് അനുസൃതമാണോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-8 കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി ഈടാക്കിയില്ല.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ ഫയലുകൾ, സഞ്ചയ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വ്യത്യസ്ത നിരക്കിൽ നികുതി ഈടാക്കുന്നുണ്ടെന്നും ഇത് മൂലം വസ്തുനികുതിയിൽ നഷ്ടമുണ്ടാകുന്നുണ്ടെന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ.അശോകൻ,വൃന്ദാവനം, ചേമഞ്ചേരി.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള 8/18,8/18B, 8/18 C എന്നീ നമ്പറായുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം റസ്റ്റോറന്റ് പ്രവർത്തിപ്പിക്കുന്ന ആവശ്യത്തിലേക്കായി പുതുക്കിപണിത് ഒക്യുപെൻസി മാറ്റുകയും കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. 19.07.2019 തിയ്യതിയിൽ ടി കെട്ടിടങ്ങളിൽ എം.ആർ.ആർ

റസ്റ്റോറന്റ് പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 528/2019-20/A-5/4637/19 നമ്പറായി FTE&OS ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റസ്റ്റോറന്റ് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയ 8/18,8/18B, 8/18 C എന്നീ കെട്ടിടങ്ങളുടെ വിസ്തീർണ്ണം യഥാക്രമം 390.2,137.67,85.4 എന്നിങ്ങനെയാണ്. ഒരേ ഉപയോഗക്രമത്തിനുള്ളതും ഒരു സ്ഥാപനം പ്രവർത്തിക്കുന്നതുമായ കെട്ടിടത്തിനും അനുബന്ധ നിർമ്മിതികൾക്കും വ്യത്യസ്ത നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ബാധകമാക്കിയ നികുതി നിരക്ക്, ആകെ നികുതി |
|---|---|---|---|
| 1 | 8/18 | 390.2 | 50,22437<br>(അടിസ്ഥാന വസ്തുനികുതി= 390.2x50=19510<br>വർദ്ധനവ്=35%<br>ഇളവ്=20%<br>വാർഷിക വസ്തുനികുതി= 22437) |
| 2 | 8/18 B | 137.67 | 50,7572<br>(അടിസ്ഥാന വസ്തുനികുതി= 137.67x50=6883.5<br>വർദ്ധനവ്=20%<br>ഇളവ്=10%<br>വാർഷിക വസ്തുനികുതി= 7572) |
| 3 | 8/18 C | 85.4 | 30,2679<br>(അടിസ്ഥാന വസ്തുനികുതി= 85.4x30=2562<br>വർദ്ധനവ്=20%<br>ഇളവ്=10%<br>വാർഷിക വസ്തുനികുതി= 2679) |

P

2) 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ഷുക്കൂർ,മറിയംബി,തനിമ, കിഴക്കയിൽ , ചേമഞ്ചേരി.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള 7/73 A, 7/73 B നമ്പർ കെട്ടിടത്തിൽ പൻഡോര പെറ്റ് മാൾ എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിനിയോഗ ഗണം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 50 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. നിലവിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി ഈടാക്കേണ്ടത്.നിലവിൽ 33381 രൂപയാണ് വസ്തുനികുതി ഇനത്തിൽ 7/73 A, 7/73 B നമ്പറുകൾ പതിച്ച കെട്ടിടത്തിന് നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ തറ നിർമ്മിതിക്കനനുസൃതമായി വർദ്ധനവ് ബാധകമാക്കുന്നതിലും

വീഴ്ചവരുത്തിയിട്ടുണ്ട്. 70 രൂപ നിരക്കിൽ 54747 രൂപയാണ് കെട്ടിടത്തിന് ബാധകമാക്കേണ്ടിയിരുന്ന വസ്തുനികുതി പ്രതിവർഷം ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 21366 രൂപ നഷ്ടമുണ്ടാകുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിസ്തീർണ്ണം-579.34 ച.മീ,

അടിസ്ഥാന വസ്തുനികുതി-40554,

ബാധകമാക്കേണ്ട വർദ്ധനവ്- (വഴിസൗകര്യം- 20 %, തറനിർമ്മിതി-15%, ആകെ-35 %)

ബാധകമാക്കേണ്ട ഇളവ്- , 0

വാർഷിക വസ്തുനികുതി -54747

വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) എ.എം.പി അബൂബക്കർ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 2/78 , 79 നമ്പർ കെട്ടിടത്തിൽ കൊക്കോ ടീ റെസ്റ്റോറന്റ് പ്രവർപ്പിക്കുന്നതിന് 25.04.2019 തിയ്യതിയിൽ 91/2019-20/A-5/1239/19 നമ്പറായി FTE&OS ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വസ്തുനികുതി രജിസ്റ്റർ പ്രകാരം ടി കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 150 ച.മീ ആണ്. എന്നാൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഉപയോഗക്രമത്തിന് ബാധകമായ 30 രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കി യിട്ടുള്ളത്. വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയി ക്കേണ്ടതാണ്.

## 1-9 വസ്തുനികുതി, നോട്ടീസ് ചാർജ്ജ് പിരിവിലെ അപാകതകൾ

2020-21 വർഷത്തെ രശീത് ബുക്കുകൾ, സാംഖ്യ രശീത് കൗണ്ടർഫോയിൽ ,ഡേബുക്ക്, ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ നിന്നും രശീത് പിരിവ് നടപടിക്രമങ്ങളിൽ അപാകതകളുണ്ടായതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് നോട്ടീസ് ഫീ ഈടാക്കിയതിൽ അപാകത.

സഞ്ചയ പ്രകാരം വസ്തുനികുതിയുമായി ബന്ധപ്പെട്ട ആകെ ഡിമാന്റുകൾ 13496 എണ്ണമാണ്. ആയതിൽ 4349 നികുതിദായകർക്ക് കുടുംബശ്രീ പ്രവർത്തകർ മുഖേന 5 രൂപ പ്രതിഫല നിരക്കിൽ 2020-21 വർഷത്തെ വസ്തുനികുതി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. മുഴുവൻ നികുതി ദായകർക്കും ഡിമാന്റ് നോട്ടീസി നൽകിയിട്ടില്ല. 2020 ഡിസംബർ മാസത്തിലാണ് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ 21745 രൂപ കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിഫലമായി അനുവദിക്കാനുണ്ട്. എന്നാൽ ഡിമാന്റ് നോട്ടീസ് നൽകിയ 4349 പേരിൽ 1153 നികുതി ദായകരിൽ നിന്നും 8067 രൂപ മാത്രമെ നോട്ടീസ് ഫീ ഇനത്തിൽ ഈടാക്കിയിട്ടുള്ളൂ. (7 രൂപ നിരക്കിൽ). 3196 നികുതിദായകരിൽ നിന്നും നോട്ടീസ് ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസ് ലഭിച്ചതും ഇ-പേമെന്റ് സൗകര്യം ഉപയോഗപ്പെടുത്തി നികുതി അടവാക്കിയ നികുതിദായകരിൽ നിന്നും നോട്ടീസ് ഫീ ഡിമാന്റിൽ ഉൾകൊള്ളിച്ച് ഈടാക്കു ന്നതിനുള്ള സൗകര്യം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തിയിട്ടുമില്ല. നോട്ടീസ് ഫീ 7 രൂപയായി നിശ്ചയിച്ചതിന് ആധാരമാക്കിയ ഉത്തരവ്/ ഭരണസമിതി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടം 14 പ്രകാരം ഡിമാന്റ് നോട്ടീസുകളിൽ ഓരോ അർദ്ധവർഷവും വസ്തുനികുതിയുടെ വിവരം, വസ്തുനികുതി പിഴ കൂടാതെ അടവാക്കേണ്ട അവസാന തിയ്യതി എന്നിവ നോട്ടീസിലൂടെ നികുതിദായകനെ അറിയിക്കേണ്ടതുണ്ട്. എന്നാൽ ഒന്നാം അർദ്ധവർഷം അവസാനിച്ചതിന് ശേഷമാണ് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. വീഴ്ച മൂലം ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്നത് കൊണ്ടുള്ള ഉദ്ദേശ്യം പൂർണ്ണമായി നിറവേറ പ്പെട്ടിട്ടില്ല. ഫീൽഡ് തല പിരിവിന്റെ മേൽപരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ

നോട്ടീസ് ഫീയുടെ പിരിവിന്റെ കൃത്യത ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയതും അപാകതക്ക് കാരണമായിട്ടുണ്ട്.

ഡിമാന്റ് നോട്ടീസ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നികുതിദായകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കുറഞ്ഞ മനുഷ്യശേഷി ഉപയോഗിച്ച് ഡിമാന്റ് നോട്ടീസുകൾ ഓൺലൈനായി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

2. വസ്തുനികുതി മുൻകൂർ -രജിസ്റ്ററുകളോ റിപ്പോർട്ടോ ലഭ്യമല്ല.

വസ്തുനികുതി ഡിമാന്റുകളിന്മേലുള്ള ഫീൽഡ് തല പിരിവിൽ 1 മുതൽ 6 വരെ രൂപ അധികം ഈടാക്കി ഡിമാന്റ് തുക Round Off ചെയ്യുന്നതായി കാണുന്നു. ഈ തുക തൊട്ടടുത്ത വർഷത്തെ ഡിമാന്റിലേക്ക് മുൻകൂറായാണ് സാംഖ്യ/സഞ്ചയയിൽ ക്രമീകരിക്കുന്നത്. എന്നാൽ നികുതിദായകന് അനുവദിക്കുന്ന രശീതിൽ ആകെ തുകയുടെ വിഭജനം രേഖപ്പെടുത്തുന്നില്ല. (ഉദാ- രശീത് ബുക്ക് നം. 2705,2708,2710 ). ഇപ്രകാരം മുൻകൂറായി പിരിച്ചെടുക്കുന്ന തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം മുൻകൂറായി പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരങ്ങളുടെ വിശദാംശം സഞ്ചയ സോഫ്റ്റ്വെറിൽ റിപ്പോർട്ടായി ലഭിക്കുന്നില്ല. മുൻകൂർ രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമില്ല. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി മുൻകൂർ ഇനത്തിൽ 17507 ബാധ്യതാ ഇനത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ എത്ര രൂപ വരും വർഷങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണെന്നോ, എതെല്ലാം അക്കൗണ്ടുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്നുമുള്ള വിശദാംശങ്ങൾ സ്ഥാപനത്തിന്റെ കൈവശമില്ല മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നും ഈടാക്കിയതും തുടർ വർഷങ്ങളിലേക്ക് ക്രമീകരിക്കേണ്ടതുമല്ലാത്ത തുകകൾ മേൽ ശീർഷകത്തിൽ മുൻകൂറായി ബുക്ക് ചെയ്തിരിക്കാൻ സാധ്യതയുണ്ട്. അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 25.07.21 തിയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 4 ന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് അത്തരം തുകകൾ ബാധ്യതാശീർഷകത്തിൽ നിന്നും മാറ്റി തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. മുൻകൂർ തുകകളെ സംബന്ധിച്ച റിപ്പോർട്ട് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-10 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല-ഡിമാന്റ് അപൂർണ്ണം</u>

2020-21 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധി ച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷത്തിൽ 678 സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിൽ നിന്നും വ്യാപാര ലൈസൻസ് എടുത്തിട്ടുള്ളത്. 2020-21 വർഷത്തിൽ ഇത് 580 എണ്ണമാണ്. 98 ലൈസൻ സുകൾ ഓഡിറ്റ് വർഷത്തിൽ കുറവുണ്ടായിട്ടുണ്ട്. കോവിഡ് 19 മൂലമുണ്ടായ പ്രതികൂല സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തനം നിർത്താനുള്ള സാഹചര്യമു ണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സഹായകമാവുന്ന തരത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനം തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിന് പകരം 2019-20 വർഷ ത്തിൽ ലൈസൻസെടുത്തവരുടെ പേരുവിവരം വാർഡ് തലത്തിൽ ക്രോഡീകരിച്ച പട്ടികയാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. 2020-21, 2021-22 വർഷത്തേക്ക് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുമില്ല. ഫീൽഡ്തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാ ക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.
2. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റേയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന

വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾ ച്ചറൽ നഴ്സറി തുടങ്ങിയവ).ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2020-21 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

3. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 1958 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. എന്നാൽ 2020-21 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 580 പേർ മാത്രമാണ് ഡി.&ഒ. ലൈസൻസെടുത്തിട്ടുള്ളത് (26.2 %). ശേഷിക്കുന്ന 1378 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധി ക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല.

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1958 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധി യിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മുടക്ക് മുതൽ നിർണ്ണയച്ചതിൽ കൃത്യതയില്ല

B5-1161/2020 നമ്പർ ഫയൽ പ്രകാരം പി.എൻ.കൃഷ്ണദാസ് , പോളക്കുളത്ത്, പാലാരിവട്ടം എന്നവർക്ക് കാപ്പാട് ബീച്ച് റിസോർട്ട് എന്ന പേരിൽ റസ്റ്റോറന്റ് നടത്തുന്നതിന് FTE&OS ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് മേൽകെട്ടിടം ഉപയോഗിക്കുന്നതിനുള്ള അനുമതിരേഖ ഫയലിൽ ലഭ്യമല്ല. സ്ഥാപനത്തിന്റെ മുതൽമുടക്ക് കണക്കാക്കിയിട്ടുള്ളത് രണ്ടരലക്ഷം രൂപയാണ്.ആയതിന് ആധാരമാക്കിയ വസ്തുതകൾ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ കാപ്പാട് സ്ഥിതിചെയ്യുന്ന റസ്റ്റോറന്റിന് 16 ൽ അധികം മുറികളുണ്ട്.അനുബന്ധമായി ബിയർപാർലർ ഉൾപ്പെടെയുള്ള സൗകര്യങ്ങളുമുണ്ട്. മേൽ സാഹചര്യത്തിലും മുടക്ക് മുതൽ രണ്ടരലക്ഷമായി നിശ്ചയിച്ചതിന് ആധാരമാക്കിയ രേഖകൾ/ വസ്തുതകൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 കോവിഡ് 19-പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1) ,പട്ടിക മൂന്ന് പ്രകാരം സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക,രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധ ത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്ന ആരോഗ്യശുചിത്വ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടവയാണ്. കോവിഡ് 19 എന്ന സാംക്രമിക രോഗത്തിന്റെ പശ്ചാത്തലത്തിൽ സ്ഥാപനത്തിൽ ഈ ഉത്തരവാദിത്വങ്ങളുടെ ഫലപ്രദമായ നിർവ്വഹണം പ്രാധാന്യമർഹിക്കുന്നു. 2019മാർച്ച് മാസം മുതലിങ്ങോട്ടുള്ള കോവിഡ് നിയന്ത്രണ,

പ്രതിരോധപ്രവർത്തനങ്ങൾ ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളുമനുസരിച്ച് നിർവ്വഹിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് വിവിധ സംവിധാനങ്ങളുടെ മിനിട്സുകളും ചെലവ് രേഖകളും വ്യക്തമാ ക്കുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതി ,ആരോഗ്യവിദ്യഭ്യാസ സ്റ്റാന്റിംഗ് കമമിറ്റി എന്നിവ ഈ സംവിധാനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ചെലവ് പരിഗണിക്കുമ്പോൾ, കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ സജീവമായ 2020-21 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 357637/-രൂപ പകർച്ചവ്യാധി നിയന്ത്രണ ഹെഡ്ഡിൽ നിന്നും കോവിഡ് പ്രവർത്തനങ്ങൾക്കായി വിനിയോഗി ച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ദുരന്തനിവാരണ ഫണ്ടിൽ നിന്നും ഇതേ വർഷം 627413/-രൂപയും മേൽ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. ദുരന്തനിവാരണ ഫണ്ടിൽ നിന്നുള്ള ചെലവുകൾ വന്നിരിക്കുന്നത് നിലവിൽ വിവിധ രോഗങ്ങളുള്ളവർക്ക് മരുന്ന വാങ്ങുന്നതിനും വൃക്കരോഗി കൾക്ക് മരുന്ന് വാങ്ങുന്നതിനുമാണ്. കോവിഡ് കെയർ സെന്റർ നടത്തിപ്പ്,Cfltc ക്ലീനിംഗ്, കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പ് തുടങ്ങിയ കാര്യങ്ങൾക്കാണ് 357637/-രൂപ ചെലവഴിച്ചി രിക്കുന്നത്.

എന്നാൽ ഫീൽഡിൽ നടക്കുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ യഥാർത്ഥ ചിത്രം ലഭ്യമാകുന്ന വിവിധ സംവിധാനങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകളോ,വിലയിരുത്തലുകളോ സ്ഥാപനത്തിൽ ലഭ്യമല്ല. ഇത് കൊണ്ട് തന്നെ പ്രവർത്തനങ്ങളുടെ സജീവതയും ഫലപ്രാപ്തിയും വിലയിരുത്താൻ കഴിയുന്നില്ല. കോവിഡ് നിയന്ത്രണവിധേയമാകാതെ നിലനില്ക്കുന്ന അവസ്ഥാ വിശേഷം ജില്ലയിലെ മിക്ക പഞ്ചായത്തുകളിലുമെന്നതു പോലെ സ്ഥാപനത്തിലുമുണ്ട്. ഇത് പരിഹരി ക്കുന്നതിന് കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗങ്ങളുടെ, പ്രത്യേകിച്ച് ആർ ആർ ടിമാർ, സെക്ടറൽ മജിസ്ട്രേറ്റ്, ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവ രുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയാ സമയങ്ങളിൽ നല്കേണ്ടതുമുണ്ട്. ഇത് നിർവ്വഹിക്കേണ്ടതും ഇത്തരത്തിലുള്ള എല്ലാ പ്രവർത്ത നങ്ങൾക്കും നേതൃത്വം നല്കേണ്ടതും സ്ഥാപനത്തിലെ ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യാണെന്നത് ശ്രദ്ധയിൽപെടുത്തുന്നു.

<u>1-12 കുഞ്ഞായൻ കണ്ടി റോഡ് നിർമ്മാണം ഒരോ ഇനത്തിന് രണ്ട് പ്രാവശ്യം തുക നൽകി..</u>

പ്രോജക്ട് നം-54/20-21

അടങ്കൽ-650000 (200000(ധന.ഗ്രാന്റ്),400000(മെയിന്റനൻസ് ഗ്രാന്റ് റോഡ്),
50000(ഓൺഫണ്ട്)

ചെലവ് -200000(ബിൽ നം-85/9-3-21)

400000(ബിൽ നം-87/9-3-21)

39021 (ഓൺഫണ്ട്)

2020-21 വർഷം കുഞ്ഞായൻകണ്ടി റോഡ് പ്രവൃത്തിക്കായി പ്രോജക്ട് നം-54/20-21 ആയി 650000/- രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെയിനേജ് 0/87 മുതൽ 0/243 വരെ നീളത്തിലുള്ള പ്രവൃത്തികൾക്കായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തി നിർവ്വഹണം പരിശോധിച്ചതിൽ എം.ബുക്ക് നം-133/20-21 പ്രകാരം എെറ്റം നമ്പർ ഒന്നായി 0/87 മുതൽ 0/245 വരെ Construction Of Subgrade And Earthen Shoulders ചെയ്തതായി 18.02.21 ന് 221.02m3 അളവ് രേഖപ്പെടുത്തുകയും മേൽ ഇനത്തിന് 400 രൂപ നിരക്കിൽ 88408 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം തന്നെ സ്പിൽ ഓവർ പദ്ധതിയായി ബിൽനൽക്കിയ പ്രോജക്ട് നം-159/20-21 കുഞ്ഞായൻകണ്ടി റോഡ് നിർമ്മാണ പ്രവൃത്തി (ചെലവ്-497816 ബിൽ നം-17-07-20)തയ്യാറാക്കിയ എസ്റ്റിമേറ്റ് എെറ്റം ഒന്ന് പ്രകാരം 0/87 മുതൽ 0/103 വരെ 15 സെന്റീമീറ്റർ കനത്തിലും 0/103 മുതൽ 0/152 വരെ 75 സെന്റീമീറ്റർ കനത്തിലും Construction Of Sub Grade And Earthen Shoulders പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. 116/19-20 എം ബുക്ക് പ്രകാരം പ്രവൃത്തി 20-2-20 ന് മെഷർമെന്റ് രേഖപ്പെടുത്തി പ്രവൃത്തിക്കായി 164.388m3 ന് 401.08 രൂപ നിരക്കിൽ 65932.74 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ റോഡിലെ രണ്ട് റോഡ് നിർമ്മാണ പ്രവൃത്തിയിലും

ഒരേ ഇനത്തിന് തുക അനുവദിച്ചതായി കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-2/20-21 തീയ്യതി 26-7-21)മറുപടി നൽകിയിട്ടില്ല. ഒരേ ഇനത്തിന് കരാറുകാരന് അധികം നൽകിയ 65932.74 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-13 കീരിയാടത്ത് താഴെ റോഡ് പ്രവൃത്തി- അശാസ്ത്രീയമായ നിർമ്മാണം കാരണം പഞ്ചായത്തിന് അധിക ചെലവ് വരുത്തുന്നു.

പ്രോജക്ട് നം-49/20-21

അടങ്കൽ -500000

ചെലവ് -485852

കീരിയാടത്ത് താഴെ റോഡ് പ്രവൃത്തിയിൽ 150 മീറ്റർ റോഡിൽ ഗ്രാനുലാർ സബ് ബേസ്, വെറ്റ് മിക്സ്,ടാറിഗ് , ഐറിഷ് ഡ്രയിൻ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.

25.2.21 ന് പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ നൽകിയ . റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീമതി വനജ കീരിയാലാടത്ത് സമർപ്പിച്ച പരാതിയിൽ റോഡ് ഉയരം കൂട്ടിയിരിക്കുകയും ഇത് മൂലം റോഡിൽ നിന്നും വീട്ടിലേക്കുള്ള വഴിയിലേക്ക് മഴപെയ്താൽ വെള്ളം ഇറങ്ങുകയും വെള്ളത്തിന് ഒഴുകിപോവാൻ മറ്റ് വഴികൾ ഒന്നും ഇല്ലാത്തതിനാൽ കെട്ടി നിന്ന് യാത്രാക്ലേശം നേരിടുകയാണ് എന്നും പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പരാതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നത് റോഡ് ടാർ ചെയ്തകാരണത്താൽ അപേക്ഷകയുടെ വീട്ടിലേക്ക് വെള്ളം കയറുന്നത് ഒഴിവാക്കാൻ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്താൻ തീരുമാനിക്കാവുന്നതാണ് എന്നാണ്. റോഡ് പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതും, പ്രവൃത്തി നിർവ്വഹണത്തിന്റെ മേൽ നോട്ടചുമതല വഹിച്ചതും അസിസ്റ്റന്റ് എഞ്ചിനീയരാണെന്നിരിക്കെ പ്രവൃത്തി നിർവ്വഹണത്തിൽ വന്ന അപാകതകത കാരണം പരാതിക്കാരി ക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാനായി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി പ്രവൃത്തി നടത്താൻ ശുപാർശ ചെയ്തത് ന്യായീകരിക്കതല്ല. കൂടാതെ പദ്ധതി മോണിറ്ററിംഗ് നിർവ്വഹിച്ച മോണിറ്ററിംഗ് സമിതി റോഡ് പദ്ധതി വിഭാവനം ചെയ്ത രീതിയിലും ലക്ഷ്യങ്ങൾക്ക് അനുസൃതമായും പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് . റോഡ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് കൃത്യമായ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലല്ലാഞ്ഞതും നിർമ്മാണ സമയത്ത് ഫലപ്രദമായ മേൽനോട്ടം സാധ്യമാവാഞ്ഞതിനാലുമാണ് 150 മീറ്റർ റോഡ് പ്രവൃത്തിക്കായി 485852/- രൂപ ചെലവഴിച്ച് പ്രവൃത്തിനടത്തിയിട്ടും വെള്ളകെട്ട് ഒഴിവാക്കുന്ന തിനായി വീണ്ടും പ്രവൃത്തി നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന് ശുപാർശ ചെയ്യേണ്ടി വന്നത് . പ്രവൃത്തി മോണിറ്ററിംഗ് നടത്തിയ വർക്കിംഗ് ഗ്രൂപ്പും പദ്ധതി നിർവ്വഹണം പരിശോധി ക്കാതെയാണ് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതും. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-14 എ.കെ.ജി കോർണർ വെട്ടുകാട്ടുകുനി റോഡ്-നിർമ്മാണം അപാകതകൾ

പ്രോജക്ട്- 45/20-21

എ.കെ.ജി കോർണർ വെട്ടുകാട്ടുകുനി റോഡിൽ ചെയിനേജ് 0-മുതൽ 175 മീറ്ററിൽ റോഡ് ടാറിംഗ്, ഭാഗിക കരിങ്കൽകെട്ട് പ്രവൃത്തികൾക്കായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. തൃക്കോട്ടൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനുവദിച്ച പ്രവൃത്തി 17-02-21 ന് പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 100 ഓളം പരിസരവാസികൾ ഒപ്പിട്ട് നൽകിയ പരാതി പ്രകാരം റോഡിന്റെ ഇരുവശങ്ങളിലും കരാറിൽ പ്രതിപാദിച്ചപോലെയല്ലാതെയുള്ള പ്രവൃത്തികളാണ് നടത്തിയിരിക്കുന്നത്. റോഡിൽ എതിർ വശത്തുനിന്നും വാഹനം വന്നാൽ ടാറിൽ നിന്നും യാത്രക്കാർ വഴുതിവീഴുന്നു. അശാസ്ത്രീയമായ രീതിയിലാണ് റോഡ് നിർമ്മിച്ചിരിക്കുന്നത്

എന്നമാണ്. പരാതി പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുത്. കരിങ്കൽ കെട്ടിന്റെ അളവ് കൂടുതൽ വന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ വരുന്ന രീതിയിൽ ടാർ അളവ് വ്യത്യാസം വന്നു. റോഡ് മുഴുവൻ നീളത്തിലും സൈഡ് കോൺക്രീറ്റ് ഉണ്ടായിരുന്നില്ല ആയത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി ഭരണസമിതി തീരുമാനം എടുക്കാവുന്നതാണ് എന്നമാണ്. 175 മീറ്ററിൽ 3 മീറ്റർ വീതിയിൽ 10 സെ.മി കനത്തിൽ ഗ്രാനുലാർ സബ് ബേസ് നിർമ്മാണം, 15 സെ.മി കനത്തിൽ വെറ്റ് മിക്സ്. മുകളിൽ താറിംഗ് എന്നിവയാണ് എസ്റ്റിമേറ്റിലുണ്ടായിരുന്നത്. ഇതുകാരണം റോഡിന് നിലവിലുണ്ടായിരുന്നതിനേക്കാൾ 35 സെന്റീമീറ്ററോളം ഉയരം ഉണ്ടാകും. ആയതിനാലും റോഡിന് മുഴുവൻ ദൂരത്തിലും സൈഡ് കോൺക്രീറ്റ് ഇല്ലാത്തതിനാലും റോഡിൽ നിന്നും സൈഡിലേക്കുള്ള താഴ്ച വഴിയാത്രക്കാർക്കും വാഹനങ്ങൾക്കും അപകടം സൃഷ്ടിക്കും. ആയത് എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന സമയത്ത് പരിഗണിച്ചിട്ടില്ല. ഗ്രാനുലാർസബ് ബേസിന്റെ വീതിയിൽ കുറവ് വന്നതും , സൈഡ് കോൺക്രീറ്റ് ഇല്ലാത്ത ഇടങ്ങളിൽ റോഡിലെ താഴ്ച പരിഹരിക്കുന്ന തിനാവശ്യമായ പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാലുമാണ് പരാതിയിൽ ചൂണ്ടികാണിച്ച അപാകതകൾ റോഡ് നിർമ്മാണ പ്രവൃത്തിയിൽ വരാനിടയാക്കിയത്. ആയത് പദ്ധതി നിർവ്വഹണ സമയത്തും , റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴും പരിഗണിക്കപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-15 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 52/20-21 | ചാലിശ്ശേരി റോഡ് | 800000 | 795400 |

പ്രവർത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാ കുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദ മാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗ പ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾ ക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീ റ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാര മുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

## 1-16 മല്ലിശ്ശേരി റോഡ് നിർമ്മാണം അപാകതകൾ

മല്ലിശ്ശേരി റോഡ് നിർമ്മാണത്തിനായി 2019-20, 20-21 വർഷങ്ങളിലായി താഴെ പറയും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| | പ്രോജക്റ്റിന്റെ പേര് | നമ്പർ | വർഷം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | മല്ലിശ്ശേരി റോഡ് നിർമ്മാണം | 93/19-20 | 2019-20 | 600000 | 518459 |
| 2 | മല്ലിശ്ശേരി റോഡ് പൂർത്തീകരണം | 199/19-20 | 2019-20 | 150000 | |
| 3 | മല്ലിശ്ശേരി റോഡ് (സ്പിൽ ഓവർ) | 188/20-21 | 2020-21 | 81541 | 71908 |
| 4 | മല്ലിശ്ശേരിറോഡ് പൂർത്തീകരണം (സ്പിൽ ഓവർ) | 196/20-21 | 2020-21 | 150000 | 149817 |

ശ്രീ.ഷമേജ് ടി എന്ന കരാറുകാരനാണ് മേൽ പദ്ധതികൾ അനുവദിച്ചിട്ടുള്ളത്. പ്രോജക്റ്റ് 93/19-20 ന്റെ നിർവ്വഹണ സമയത്ത് DR സൈഡ് വാളിനു പകരം CC സൈഡ് വാൾ സൈറ്റ് റിക്വയർമെന്റ് പ്രകാരം മാറ്റി ചെയ്യേണ്ടി വന്നതിനാലും റോഡിന്റെ അവസാനഭാഗത്ത് വീതി കുറഞ്ഞതിനാൽ കോൺക്രീറ്റ് ചെയ്യേണ്ടിയും വന്നതിനാൽ എസ്റ്റിമേറ്റിലെ കോൺക്രീറ്റ് ഇനം 25% അധികരിക്കുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയരുടെ അപേക്ഷപ്രകാരം 14/01/2020 ലെ 10 ാം നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പദ്ധതി നിർവ്വഹണം ചെയ്തത്. 176.4 മീറ്റർ റോഡ് ടാറിംഗിനായാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് .ആദ്യ എസ്റ്റിമേറ്റ് പ്രകാരം 0 മുതൽ 160 മീറ്ററിലാണ് താറിംഗ് പ്രവൃത്തി ഉണ്ടായിരുന്നത്. അതിൽ തന്നെ ചെയിനേജ് 70 മുതൽ 120 വരെയുള്ള ഭാഗത്ത് നിലവിലുള്ള നിലത്തിന് ഡാമേജ് ഒന്നും ഇല്ലാത്തതിനാൽ പ്രസ്തുത ദൂരത്തിൽ .075സെ.മി കനത്തിൽ വെറ്റ്മിക്സ് ചെയ്യാനും ബാക്കി ചെയിനേജിൽ 15 Cm കനത്തിൽ വെറ്റ് മിക്സ് ചെയ്യാനുമാണ് വിഭാവനം ചെയ്തത് . എന്നാൽ പ്രവൃത്തിയുടെ എം.ബുക്ക് നം-74/19-20 പ്രകാരം ചെയിനേജ് 0 മുതൽ 181 മീറ്റർ ദൂരത്തിലും 15 സെ.മി കനത്തിൽ 81.131 എം ക്യൂബ് വെറ്റ് മിക്സ് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഐറ്റം നമ്പർ 3 മേൽ ഇനം ചെയ്യാനായി നിർദ്ദേശിച്ചിട്ടുള്ളത് 270.44 മീറ്ററിൽ 3 മീറ്റർ വീതിയിൽ 10സെ.മീ കനത്തിൽ 81.131 എംക്യൂബാണ്.റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള കാരണമായി പറഞ്ഞ 70 മീറ്റർ DR പാക്കിംഗിന് പകരമായി CC സൈഡ് വാൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ ഐറ്റം നമ്പർ 11 ആയി അളവു പുസ്തകത്തിൽ 11.30 മീറ്റർ സൈഡ് വാൾ കോൺക്രീറ്റ് പ്രവൃത്തി നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മല്ലിശ്ശേരി റോഡിന്റെ പൂർത്തീകരണത്തിനായി തയ്യാറാക്കിയ രണ്ടാമത് പദ്ധതി (പ്രോജക്റ്റ് നം.199/19-20) മല്ലിശ്ശേരി റോഡിന്റെ അവസാനഭാഗം ചെയിനേജ് 185 മുതൽ 204 വരെ റോഡ് കോൺക്രീറ്റിംഗും ചെയിനേജ് 120 ലെ ബ്രാഞ്ച് റോഡിൽ 20 മീറ്റർ കോൺക്രീറ്റിംഗുമാണ്.എന്നാൽ പ്രസ്തുത പ്രോജക്റ്റിലെ മല്ലിശ്ശേരി റോഡിലെ അവസാനഭാഗം കോൺക്രീറ്റിംഗ് പ്രവൃത്തി ആദ്യ പ്രോജക്റ്റിനായി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കുകയും 20-21 വർഷത്തിൽ

സ്പിൽ ഓവർ പദ്ധതിയായി നടത്തിയ (പ്രോജക്റ്റ് നം.188/20-21) പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിൽ നിന്നും മല്ലിശ്ശേരി റോഡ് നിർമ്മാണപദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് യഥാർത്ഥ സൈറ്റ് റിക്വയർമെന്റ് പരിഗണിക്കാതെയാണ് എന്ന് കാണുന്നു. കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി ഭരണസമിതി പരിഗണിച്ച കാരണങ്ങൾക്കല്ലാതെ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തി നിർവ്വഹിക്കുന്നതും വിശദീകരിക്കേണ്ടതാണ്.

## 1-17 അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

2020-21 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി 39,81,929/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 33 അങ്കണവാടികൾ മുഖേന മൂന്നു വയസ്സു വരെയുള്ള കുട്ടികൾക്ക് 19,069 Kg ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് കാട്, പെരുവണ്ണാമുഴിയിലെ സിദ്ധ ഫുഡ് പ്രോഡക്ട്സ് നിർമ്മാണ യൂണിറ്റിന് 13,95,392/-രൂപയും 33 അങ്കണവാടികളിലെ മൂന്നു വയസ്സു മുതൽ ആറു വയസ്സു വരെയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിയിയതിന് 25,86,537/- രൂപയുമാണ് ചെലവഴിച്ചത്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 28,63,358 |
| കേന്ദ്ര ഫണ്ട് | 998,906 |
| തനത് ഫണ്ട് | 119,665 |
| ആകെ | 39,81,929 |

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2020-21 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് കൂടിയിട്ടില്ല. 27-02-2020 ലാണ് അവസനമായി മീറ്റിംഗ് ചേർന്നത്. പ്രൊജക്റ്റ് നടപ്പിലാക്കു ബോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണി ക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ട താണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണ സമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു.

കോവിഡ് കാലത്ത് അംഗൻവാടികൾ അടഞ്ഞുകിടന്ന കാലഘട്ടത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരി ക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കാതിരുന്നതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-8/20-21ന് മറുപടി നൽകിയിട്ടില്ല. അങ്കണവാടി പൂരക പോഷകാഹാരം പദ്ധതിക്കായി ചെലവഴിച്ച 39,81,929/-രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ ഖണ്ഡിക (എ), (ബി), (സി) എന്നിവയിൽ പറഞ്ഞ നടപടികളുടെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 5/21

പ്രൊജക്ട് : അങ്കണവാടി പോഷകാഹാരം

2020-21 വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി 13,95,392/- രൂപ ചെലവഴിച്ച് മുതുകാട്,പെരുവണ്ണാമൂഴിയിലെ സിദ്ധ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിൽ നിന്നും 19,069 Kg ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ 33 അങ്കണവാടികൾ മുഖേന അതാതു അങ്കണവാടി പരിധിയിലുള്ള മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സിദ്ധ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിവരങ്ങൾ താഴെ പറയുന്നു.

| | ബിൽ/സാങ്ഷൻ ഓർഡർ നമ്പർ/ തീയതി | തുക | ന്യൂട്രിമിക്സ് അളവ് (Kg) | വിതരണം ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | 1/08.05.2020 | 123480 | 1764 | 12.02.2020 |
| 2 | 1/08.05.2020 | 145750 | 1983 | 13.03.2020 |
| 3 | 2/25.06.2020 | 151262 | 2058 | 06.04.2020 |
| 4 | 3/27.09.2020 | 153762 | 2092 | 15.06.2020 |
| 5 | 3/27.09.2020 | 146044 | 1987 | 15.05.2020 |
| 6 | 127/23.10.2020 | 153614 | 2090 | 09.07.2020 |
| 7 | 127/23.10.2020 | 170298 | 2317 | 14.08.2020 |
| 8 | 127/23.10.2020 | 87849 | 2412 | 16.09.2020 |
| 9 | 128/23.10.2020 | 89433 | ----- | ------ |
| 10 | 312/23.03.2020 | 173900 | 2366 | 16.11.2020 |
| | | 13,95,392/- | 19,069 Kg | |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധ നയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു. ഇവിടെ അപ്രകാരം ചെയ്തിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-9/20-21ന് മറുപടി നൽകിയിട്ടില്ല. അങ്കണവാടി കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തിന്റെ ഗുണമേന്മ ഉറപ്പാക്കി മാത്രം വിതരണം നടത്തേണ്ടതാണ്. തുടർ വർഷങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-19 വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ</u>

<u>സർട്ടിഫിക്കറ്റ് എന്നിവയില്ല</u>

| | |
|---|---|
| പ്രോജക്ട് നം. | 20/21 |
| അടങ്കൽ | 10,00,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 10,00,000/- |
| ബിൽ നം. തി. | 1/22.09.2020 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് 10,00,000/-രൂപ കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടി ഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

കോവിഡ് കാലത്ത് സ്കൂളുകളും ട്രെയിനിംഗ് മേഖലയും അടഞ്ഞുകിടന്ന കാലഘട്ടത്തിൽ വിശദമായ പ്രൊജക്ടുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല.അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-10/20-21ന് മറുപടി നൽകിയിട്ടില്ല. എസ്.എസ്.എ.ക്ക് കൈമാറിയ 10,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>1-20 രേഖകൾ ഹാജരാക്കാതെ സഹായം</u>

പ്രോജക്ട് നം. - 14/21

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

ഫണ്ട് വികസനം- (എസ്.സി.പി)

ബിൽ നം. തി.- 8/28.03.2021

തുക- 180,000/-

പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് പോത്തുകുട്ടി വിതരണം എന്ന പദ്ധതിയിൽ ബിൽ നം. 8/28.03.2021 പ്രകാരം 20 വനിതകൾക്ക് പോത്തുകുട്ടി വിതരണം നൽകിയിട്ടുണ്ട്. 9000/-രൂപ പദ്ധതി വിഹിതവും 3000/-രൂപ ഗുണഭോക്തൃ വിഹിതവുമുൾപ്പെടെ 12000/-രൂപയാണ് ഒരു ഗുണഭോക്താവിനു വേണ്ടി ചിലവഴിച്ചത്. ഈ പദ്ധതിയിലെ രണ്ട് ഗുണഭോക്താക്കളായ യശോദ.എ.കെ, ദേവയാനി.എൻ.കെ എന്നിവർ അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി ഹാജരാക്കിയിട്ടില്ല. ഇതിലെ ഒരു ഗുണഭോക്താവായ ദേവയാനി. എൻ.കെ അപേക്ഷയോടൊപ്പം ഹാജരാക്കിയ സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ ഒ.ഇ.സിയിൽപ്പെട്ട ആളാണ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകതകൾക്ക് വിശദീ കരണം നൽകേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി-19/2020-21ന് മറുപടി നൽകിയിട്ടില്ല. തഹസിൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റില്ലാതെ യശോദ.എ.കെ, ദേവയാനി.എൻ.കെ (സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ ഒ.ഇ.സി) എന്നിവർക്കായി ചെലവഴിച്ച എസ്.സി.പി ഫണ്ട് 18,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തഹസിൽദാരിൽ നിന്നും ലഭിച്ച ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 പെൻഷൻ പരാതിയിൽ തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തില്ല

ഗ്രാമപഞ്ചായത്തിലെ 12ാം വാർഡിൽ സലീന ഭവൻ, ഒറവങ്കര എന്ന വീട്ടിൽ താമസിക്കുന്ന സലീനക്ക് 2019 ആഗസ്റ്റ് മുതൽ വാർധക്യകാല പെൻഷൻ അനുവദിച്ചിട്ടുണ്ട്. (പെൻഷൻ ഐ.ഡി. 110360203070) 10.06.2019ന് ലഭിച്ച അപേക്ഷ വി.ഇ.ഒ.യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 08.07.2019ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 97/19 നമ്പറായി അംഗീകരിക്കുകയും 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ പെൻഷൻ ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് വഴിയും, ഒക്ടോബർ, നവംബർ എന്നീ മാസത്തെയും, 2019 ഡിസംബർ, 2020 ജനവരി , ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നിവ രണ്ട് ഗഡുക്കളായി ഗുണഭോക്താവിന്റെ കനറാ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 6065101004672) ഡയറക്ട് ട്രാൻസ്ഫർ ചെയ്യുകയുമുണ്ടായി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കാലയളവ് | തുക |
|---|---|---|
| 1 | 2019 ആഗസ്റ്റ്, സപ്റ്റംബർ | 2400/- |
| 2 | 2019 ഒക്ടോബർ, നവംബർ | 2400/- |
| 3 | 2019 ഡിസംബർ, 2020 ജനവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ | 6100 |
| ആകെ | | 10900 |

02.05.2020ൽ ശ്രീമതി. സലീന ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ പരാതിയിൽ (നമ്പർ 2660/20 തിയ്യതി 02.05.2020) 2019 ആഗസ്റ്റ് , സെപ്റ്റംബർ മാസത്തിലെ പെൻഷൻ തുക (ആദ്യഗഡു) ഗുണഭോക്താവ് വയനാട്ടിൽ ചികിൽസയിലായിരുന്നതിനാൽ ലഭിച്ചില്ല എന്നും, പെൻഷൻ വ്യാജ ഒപ്പിട്ട് മറ്റൊരാൾ കൈപ്പറ്റിയതായും അറിയിച്ചു. ശ്രീ. ബാലകൃഷ്ണൻ, കക്കാട്ട് പറമ്പ്, വെങ്ങളം എന്നയാൾ 04.05.2020ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ പരാതിയിൽ ശ്രീമതി. സലീന, ഒറവങ്കര എന്ന വ്യക്തി സേലത്ത് (തമിഴ് നാട്ടിൽ) സ്ഥിര താമസക്കാരിയും, വലിയ സാമ്പത്തിക നിലയിലുള്ള ആളാണെന്നും, ഇവർക്ക് എങ്ങനെ പെൻഷൻ ലഭിച്ചു എന്ന് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ സലീന സ്ഥിരമായി തമിഴ് നാട്ടിൽ താമസമാണെന്നും, നിലവിൽ അഞ്ച് വർഷക്കാലമായി ഒറവങ്കര വീട് വാടകക്ക് നൽകിയതാണെന്നും, നല്ല സാമ്പത്തിക നിലയിലുള്ള വ്യക്തിയായതിനാൽ പെൻഷൻ നൽകരുതെന്ന് സെക്രട്ടറി ശുപാർശ ചെയ്തത് 2020 മേയ് 14ാം തിയതി ചേർന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തുടർന്നും ഗുണഭോക്താവിന് പെൻഷൻ അനുവദിക്കാൻ തീരുമാനിച്ചു. കൂടാതെ ശ്രീ. ബാലകൃഷ്ണന്റെ പരാതി തള്ളുകയും ചെയ്തു. (തീരുമാനം നമ്പർ 46/20, 47/20). ഗ്രാമപഞ്ചായത്തിന്റെ 16.05.2020ലെ 6(3) (ബി) തീരുമാനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽ തീരുമാനങ്ങൾ തള്ളുകയും, ശ്രീമതി. സലീനയുടെ പെൻഷൻ തുടർന്ന് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ശ്രീമതി. സലീന 02.05.2020ൽ നൽകിയ പരാതിയിൽ ഇവരുടെ 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ പെൻഷൻ തുക ലഭ്യമായിട്ടില്ല എന്നറിയിച്ചതിനാൽ, ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് 11.05.2020 നൽകിയ മറുപടിയിൽ 2020 മാർച്ച് മാസം ബാങ്ക് നടത്തിയ പരിശോധനയിൽ പെൻഷൻ തുക സലീനയുടെ ബന്ധുവിനാണ് നൽകിയതെന്ന് ശ്രദ്ധയിൽപ്പെട്ടുവെന്നും ഇക്കാര്യം പെൻഷൻ ഏജന്റ് സമ്മതിച്ചതായും അറിയിച്ചു. ഇത് നിയമവിരുദ്ധമായതിനാൽ തുക യഥാർത്ഥ പെൻഷണർക്ക് കൈമാറണമെന്നും അല്ലാത്തപക്ഷം തുക തിരിച്ചടക്കണമെന്നും ബാങ്ക് നിർദ്ദേശിച്ചതായും ഇതിന്റെ അടിസ്ഥാനത്തിൽ തുക ബന്ധുവിൽ നിന്ന് തിരികെ കൈപ്പറ്റി ഏപ്രിൽ മാസ ത്തിൽ

ബാങ്കിൽ തിരിച്ചടച്ച് 05.05.2020 ന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡി ന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായും വ്യക്തമായി. ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവിന് ലഭിക്കേണ്ട പെൻഷൻ തുക ബാങ്കിന്റെ പെൻഷൻ ഏജന്റ് മറ്റൊരാൾക്ക് കൈമാറിയത് ശരിയായ നടപടിയല്ല. ഇയാൾക്കെതിരെ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ബാങ്കിനോട് ആവശ്യപ്പെട്ടിട്ടില്ല.

2. 10.06.2019 ൽ സെലീന സമർപ്പിച്ച പെൻഷൻ അപേക്ഷയിൽ പെൻഷൻ അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തത് അന്നത്തെ വില്ലേജ് ഓഫീസർ രാഗേഷ്. സി.കെ. ആണ്. ഇത് അംഗീകരിച്ചതായും കാണുന്നു. തുടർന്ന് 04.05.2020 ന് ലഭിച്ച പരാതിയുടെ അന്വേഷണത്തിലാണ് ഗുണഭോക്താവ് 15 വർഷമായി തമിഴ് നാട്ടിലാണ് താമസമെന്നും നല്ല സാമ്പത്തിക സ്ഥിതിയിലാണെന്നും വ്യക്തമായി. കൂടാതെ ഇവരുടെ വീട് 5 വർഷത്തിലധികമായി വാടകക്ക് കൊടുത്തിരിക്കുകയുമാണെന്ന് വാടകക്കാരനും സമ്മതിച്ചിട്ടുണ്ട്. പെൻഷൻ അനുവദിക്കേണ്ടതിനുള്ള അർഹത എന്നത് ഗുണഭോക്താവ് 3 വർഷത്തിലധികമായി കേരളത്തിൽ സ്ഥിര താമസക്കാരനായി രിക്കണമെന്നും, ഒരു ലക്ഷത്തിൽ കുറവ് വരുമാനം ആയിരിക്കണമെന്നുമായിരിക്കെ, ഇവിടെ 5 വർഷമായി കേരളത്തിന് പുറത്ത് താമസവും, നല്ല സാമ്പത്തിക സ്ഥിതിയും ഉള്ള അപേക്ഷകയ്ക്ക് പെൻഷൻ ശുപാർശ ചെയ്ത് വി.ഇ.ഒ. കൃത്യമായ അന്വേഷണം നടത്താതെയാണ് പെൻഷൻ ശുപാർശ ചെയ്തതെന്നും വ്യക്തമാകുന്നു. എന്നാൽ വ്യാജ ശുപാർശ ചെയ്ത വി.ഇ.ഒ. ക്കെതിരെ നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

3. സലീന 2019 ഒക്ടോബർ മുതൽ 2020 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ തുക രണ്ട് ഗഡുക്കളായി 8500/- കൈപ്പറ്റിയിട്ടുണ്ട്. ഈ തുക ഇവരുടെ കനറാ ബാങ്ക് അക്കൗണ്ടിലേക്കാണ് ഡി.ബി.ടി. ചെയ്തത്. അനർഹമായ സാഹചര്യത്തിൽ ഈ തുക ഇവരിൽ നിന്ന് തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

4. സലീനയ്ക്ക് പെൻഷൻ ലഭിച്ചിട്ടില്ല എന്ന പരാതിയിൽ ഗ്രാമപഞ്ചായത്ത് അന്വേഷിച്ചതിൽ 12ാം വാർഡിലെ 405 ാം നമ്പർ വീട് 5 വർഷത്തിലധികമായി വാടകക്ക് കൊടുത്തിരിക്കുകയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആസ്തി നിർമ്മിച്ച് അതിൽ നിന്ന് വരുമാനം കൈപ്പറ്റുള്ള ആളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

<u>1-22 മരാമത്ത് പ്രവൃത്തികൾ-കൺവീനർ മുൻകൂർ നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയില്ല/ ആരംഭിച്ചില്ല</u>

വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ, കൺവീനർ മാർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിച്ചതായി കാണുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | സാമ്പത്തിക വർഷം അടങ്കൽ | അനുവദിച്ച തുക | ബിൽ / ചെക്ക് | കൺവീനറുടെ പേര് |
|---|---|---|---|---|---|
| 1 | വികാസ് നഗർ ഡ്രെയിനേജ് പ്രവൃത്തി | 2011-12 പ്രോജക്ട് നമ്പർ 157 43000 | 8700 | 34/2011-12 തിയ്യതി 21.03.2012 | പി.കെ. സത്യൻ |
| 2 | മുതിരക്കാളി, പുല്ലാംചേരി | 2011-12 പ്രോജക്ട് നമ്പർ 68 | 11500 | 43/2011-12 തിയ്യതി 29.03.2012 | ഇ. രാജൻ |

| | | | | | |
|---|---|---|---|---|---|
| | ഫുട്പാത്ത് പ്രവൃത്തി | 50000 | | | |
| 3 | സമത അങ്കണവാടി നിർമ്മാണം | 2011-12 പ്രോജക്ട് നമ്പർ 382000 | 90000 | 1/2012-13 തിയ്യതി 23.05.2012 | ബുഷറ. ടി.എം. |
| 4 | തൈവളപ്പിൽ ഫുട്പാത്ത് | 229/12 91000 | 21000 | 42/2011-12 തിയ്യതി 29.03.2021 | ശ്രീധരൻ |
| 5 | വഴതിനിപ്പാടം കുടിവെള്ള പദ്ധതി | 68/14 300000 | 50000 | ചെക്ക് നമപ്ര് 364376 / 16.12.2014 | ബാലകൃഷ്ണൻ എം.കെ. |

മേൽ പ്രവൃത്തികളിൽ ക്രമ നമ്പർ 5 ഒഴികെ ബാക്കിയുള്ളവയെല്ലാം 2011-12 വർഷത്തിൽ മുൻകൂർ നൽകിയതാണ്. 03.03.2014ന് ഈ പ്രവൃത്തികളിൽ നിന്ന് കൺവീനർമാർ കൈപ്പറ്റിയ മുൻകൂർ തുക, പ്രവൃത്തി ആരംഭിക്കാത്തതിനാൽ തിരിച്ചടക്കേണ്ടതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനർമാർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. . മുൻകൂർ നൽകി 10 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാലും ആയത് പൂർത്തിയാക്കാത്തതിനാലും കൈപ്പറ്റിയ തുക നിയമാനുസൃത പലിശ 18% നിരക്കിൽ കണക്കാക്കി ആയത് ഉൾപ്പെടെയുള്ള തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരി ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കുഞ്ഞായൻ കണ്ടി റോഡ് നിർമ്മാണം ഒരോ ഇനത്തിന് രണ്ട് പ്രാവശ്യം തുക നൽകി.

പ്രോജക്ട് നം-54/20-21

അടങ്കൽ-650000 (200000(ധന.ഗ്രാന്റ്),400000(മെയിന്റനൻസ് ഗ്രാന്റ് റോഡ്), 50000(ഓൺഫണ്ട്)

ചെലവ് -200000(ബിൽ നം-85/9-3-21)

400000(ബിൽ നം-87/9-3-21)

39021 (ഓൺഫണ്ട്)

2020-21 വർഷം കുഞ്ഞായൻകണ്ടി റോഡ് പ്രവൃത്തിക്കായി പ്രോജക്ട് നം-54/20-21 ആയി 650000/- രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെയിനേജ് 0/87 മുതൽ 0/243 വരെ നീളത്തിലുള്ള പ്രവൃത്തികൾക്കായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തി നിർവ്വഹണം പരിശോധിച്ചതിൽ എം.ബുക്ക് നം-133/20-21 പ്രകാരം ഐറ്റം നമ്പർ ഒന്നായി 0/87 മുതൽ 0/245 വരെ Construction Of Subgrade And Earthen Shoulders ചെയ്തതായി 18.02.21 ന് 221.02m3 അളവ് രേഖപ്പെടുത്തുകയും മേൽ ഇനത്തിന് 400 രൂപ നിരക്കിൽ 88408 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം തന്നെ സ്പിൽ ഓവർ പദ്ധതിയായി ബിൽ നൽകിയ

പ്രോജക്ട് നം-159/20-21 കുഞ്ഞായൻകണ്ടി റോഡ് നിർമ്മാണ പ്രവൃത്തി (ചെലവ്-497816 ബിൽ നം-17-07-20) തയ്യാറാക്കിയ എസ്റ്റിമേറ്റ് ഐറ്റം ഒന്ന് പ്രകാരം 0/87 മുതൽ 0/103 വരെ 15 സെന്റീമീറ്റർ കനത്തിലും 0/103 മുതൽ 0/152 വരെ 75 സെന്റീമീറ്റർ കനത്തിലും Construction Of Sub Grade And Earthen Shoulders പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. 116/19-20 എം ബുക്ക് പ്രകാരം പ്രവൃത്തി 20-2-20 ന് മെഷർമെന്റ് രേഖപ്പെടുത്തി പ്രവൃത്തിക്കായി 164.388m3 ന് 401.08 രൂപ നിരക്കിൽ 65932.74 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ റോഡിലെ രണ്ട് റോഡ് നിർമ്മാണ പ്രവൃത്തിയിലും ഒരേ ഇനത്തിന് തുക അനുവദിച്ചതായി കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-2/20-21 തീയ്യതി 26-7-21)മറുപടി നൽകിയിട്ടില്ല. ഒരേ ഇനത്തിന് കരാറുകാരന് അധികം നൽകിയ 65932.74 (65933/-)രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേ ണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | അനുബന്ധം കാണുക |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | പെയിൻ & പാലിയേറ്റീവ് കെയർ | 200000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികളൊന്നും തന്നെ നല്കിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 4223155/- രൂപയിൽ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | നമ്പർ/ തിയ്യതി | | ടയ്യാൻ ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്യാൻ ബാക്കിയുള്ള തുക |
| ഇ എം എസ് ഭവനവായ്പ | Goms 322/10/Lsgd Dtd 29.1.2010 | 14815500 | 0 | 0 | 285384 | 739262 |
| കെയുആർഡിഎഫ്സി | 5.1.19<br>6.2.19<br>5.4.19 | 2109037<br>1810000<br>760000 | 4223155 | 629452 | 0 | 3593703 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7054151 |
| തൻവർഷം നിക്ഷേപിച്ച തുക | 586195 |
| ആകെ | 7640346 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7640346 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | കെ ഡി സി ബാങ്ക് കൊയിലാണ്ടി | 10011807520354 | 583874 |
| 2 | കെ ഡി സി ബാങ്ക് കൊയിലാണ്ടി | 10011807520355 | 1434790 |
| 3 | കെ ഡി സി ബാങ്ക് കൊയിലാണ്ടി | 100111806120001 | 436683 |
| 4 | ചേമഞ്ചേരി സഹകരണ ബാങ്ക് | 0101012163 | 1686333 |
| 5 | ചേമഞ്ചേരി സഹകരണ ബാങ്ക് | 0101010384 | 3498666 |
| ആകെ | | | 7640346 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10478/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും ഉദ്യോഗപ്പേരും | |
| 2018-19 | 1-12 | 3499 | രെജിൽരാജ് SR | 120030102977 27/11/21 |
| 2018-19 | 1-12 | 1992 | ഷമേജ് T | 120030103081 2/2/20 |
| 2018-19 | 1-12 | 4987 | നൗഷാദ് K K | 120030103167 8.12.20 |
| ആകെ | | 10478 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 7(14) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2002-03 | ഭാഗം.2 | 2004-05 | (17) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2003-04 | പൊതുപരാമർശം 11.13.7.14 116 | 2000-01 | 24 | നികുതി പിരിവിൽ അനാസ്ഥ |
| 2004-05 | പൊതുപരാമർശം 11.13.17 116 | 2002-03 | | നികുതി പിരിവിൽ അലംഭാവം |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.2 100/98 | | | സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.15 119 | | | സർക്കാർ / എയ്ഡഡ് സ്കൂൾ അഡ്മിഷൻ |
| 2013-14 പ്രവർത്തന ക്ഷമത | 5.2.4.18 132,130 | | | വിദ്യാഭ്യാസ മേഖല എസ്.എസ്.എ. |

| | | | | |
|---|---|---|---|---|
| റിപ്പോർട്ട് | | | | |
| 2013-14 അവലോകനം | 6.4. 190 | | | തെരുവു വിളക്ക് സംരക്ഷണം |
| 2016-17 | 4.2.1.49 | 2015-16 | 2-9 | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതകൾ |
| | 6(എ)1.2.90 | | 3-2 | ആശ്രയ വീടിന് സ്ഥലം |
| | 6(എ)1.6.90 | | | വീട് ആവശ്യമുള്ളവർ |
| | 6(എ)2.3.91 | | | വീട് റിപ്പയർ |
| | 6(എ)3.1.91 | | | കുടിവെള്ളം ആവശ്യമുള്ളവർ |
| 2017-18 | 2.1 | | | ഇ-ഗവേണൻസ് ഓഡിറ്റ് റിപ്പോർട്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 4 | ടി.പി. നസീർ ഹുസൈൻ | എൽ.എഫ്. 12333 Spl.Cell/ SC4/ 2000, Dt. 27.5.02, 17.7.02 | 1258 | | | | | | 1258 | | |
| 2 | 1996-97 | 10,12 | കെ.നാരായണൻ നമ്പൂതിരി | Do | 9871 | | | | | | 9871 | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89374125 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92314692 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49,99,929 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 65933 | ഫാസിൽ കെ അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17(1-18) | 39,81,929 | വിജില കെ,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-19 | 10,00,000 | ബാബു കെ ടി,ഹെഡ് മാസ്റ്റർ |
| 1-20 | 18,000 | സുനിൽ കുമാർ,വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഫാസിൽ കെ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | കര്യാപ്പുറത്ത് വീട് ഒളവണ്ണ, കോഴിക്കോട് പിൻ – 673019 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1999-00 | പി 4/1044/11(1), തി:23.1.12 | 13 | 26, 27, 29, 30, 33, 35, 37, 38, 39, 43, 44, 45, 46 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി 4/8/2020(1), തി:09.12.2020 | 1 | 24 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി 4/ 8/2020(2), തി:09.12.2020 | 1 | 15(1) |
| 2002-03 | പി 4/1044/11(4), തി:23.1.12 | 6 | 6, 9, 12, 13, 15, 16 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി 4/ 8/2020(3), തി:09.12.2020 | 3 | 3-2, 3-5, 3-6 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി 4/ 8/2020(5), തി:09.12.2020 | 7 | 3-3, 3-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.5/1372/08 തീയതി 09.02.2009 | 7 | 2-1, 2-2, 2-3, 2-5, 3-1 (1,2,3) 3-5, 3-6 |
| 2006-07 | പി-5/1335/09/5-10-09 | 10 | 2-2,3-2,3-3, 3-4,3-5,3-6, 3-7,3-9,3-10,4-1, |
| 2008-09 | പി-4/1749/11/20-1-12 | 17 | 2-3,2-4,2-5, 3-2 To 3-7,3-9, 3-11 To 3-14,3-18, 3-19,3-20 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13/282/13 തീയതി 20.07.2013 | 15 | 1-2, 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9,3-10, 4-2 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.13/632/13 തീയതി 20.07.2013 | 16 | 2-4, 2-5, 2-6, 2-7, 3-1,3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2011-12 | P13/1549/13/11.11,13 | 7 | 1-5,2-2(1),3-3, 3-4, 3-5,3-7,3-8 |
| 2012-13, 13-14 | P13/565/16/.31.03.2016 | 23 | 1-5,1-9,3-1,3-2, 3-4,3-5,3-6, 3-7,3-8, 3-11, 3-12,3-13, 3-15, |

| | | | |
|---|---|---|---|
| | | | 3-16,3-17,3-18, 3-19, 3-20,3-24, 3-26, 3-3,4-7,4-9 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി/13/ 2164/2016.6.10.2017 | 13 | 2-1,2-2,2,3-2,3-3, 3-4, 3-5,3-7, 3-8, 3-9, 3-10, 3-11, 3-12, 3-14 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി/13/2317/2016.25.03.2017 | 20 | 2-1,2-2,2-3,2-4, 2-5, 2-6, 2-7, 2-8, 2-9, 3-1, 3-2, 3-3,3-5,3-6,3-7, 3-8, 3-9, 3-10, 3-11, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി/13/111/2018 /6.12.2018 | 20 | 2-1(1),2-1(2),2-1(5), 2-1(6), 2-5, 3-2, 3-4,3-5, 3-7,3-8(3),(4), (5),3-9(3,(4),3-11, 3-14,3-15,3-16, 3-17,3-20,4-4 |
| 2017-18 | കെ എസ് എ കെ കെ ഡി പി4/1941/19 തീ 3.09.20 | 17 | 1-12(2),(3),2-2(1),(2),(3),3-1,3,4,6,7, 11,12,13,14,16,18,4-2 |
| 2018-19 | കെ എസ് എ കെ കെ ഡി പി4/797/20തീ 22.09.20 | 4 | 1-12,13,16,4-11 |

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്